# CURRENT AFFAIRS

**16 SEP 2024**



## ലോക ഓസോൺ ദിനം

**സെപ്റ്റംബർ 16**

- 1994-ൽ ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി സെപ്തംബർ 16 ഓസോൺ പാളിയുടെ സംരക്ഷണത്തിനായുള്ള അന്താരാഷ്ട്ര ദിനമായി പ്രഖ്യാപിച്ചു. ഓസോൺ പാളിയുടെ സംരക്ഷണത്തിനായി 1987 സെപ്റ്റംബർ 16-ന് മോൺട്രിയോളിൽ ഉടമ്പടി ഒപ്പുവച്ചതിനാലാണ് സെപ്റ്റംബർ 16-ന് ലോക ഓസോൺ ദിനമായി ആചരിക്കുന്നത്.

---




## 2024 ലെ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ടൂർണമെന്റിന് വേദിയാകുന്ന രാജ്യം

**ചൈന**

---




## വ്യാപാരികൾ തമ്മിലുള്ള നേരിട്ടുള്ളതും സുതാര്യവുമായ ആശയവിനിമയം സുഗമമാക്കുന്നതിനും ഓൺലൈനായി കയറ്റുമതിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം ആരംഭിച്ച പോർട്ടൽ

**ജൻ സുൻവായ് പോർട്ടൽ**

---




## നാലാമത് അഖില ഭാരതീയ രാജ്ഭാഷ സമ്മേളനത്തിന് വേദിയായത്

**ന്യൂഡൽഹി**

---




## സംസ്ഥാനത്ത് പക്ഷാഘാത ബാധിതരാകുന്നവർക്ക് ആരോഗ്യപരമായ തുടർജീവിതം ഉറപ്പാക്കി ശാസ്ത്രീയവും സമയബന്ധിതവുമായ ചികിത്സ നൽകുകയെന്ന ലക്ഷ്യത്തോടെ രാജ്യത്ത് ആദ്യമായി മിഷൻ സ്ട്രോക്ക് പദ്ധതി ആവിഷ്കരിച്ച സംസ്ഥാനം

**കേരളം**

- ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഇന്ത്യൻ അക്കാദമി ഓഫ് ന്യൂറോളജിയും, കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റും, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിട്യൂട്ടിന്റെ കോമ്പ്രിഹെൻസീവ് സ്ട്രോക്ക് കെയർ യൂണിറ്റും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്.